**A** **302**

# സമഗ്ര ശിക്ഷാ കേരളം

## വാർഷിക മൂല്യനിർണ്ണയം 2022-23

## മലയാളം

ക്ലാസ് - 3 സമയം: 2 മണിക്കൂർ

കുട്ടിയുടെ പേര്..............................................

വിദ്യാലയത്തിന്റെ പേര്......................................

ഡിവിഷൻ.......................................................

രക്ഷിതാവിന്റെ ഒപ്പ്............................................

അധ്യാപകന്റെ ഒപ്പ്.............................................

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | വായിക്കാം എഴുതാം | |
| 2 | വരികൾ കൂട്ടിച്ചേർക്കാം | |
| 3 | സംഭാഷണമെഴുതാം | |
| 4 | കഥയെഴുതാം | |
| 5 | കത്തെഴുതാം | |
| 6 | കുറിപ്പ് തയാറാക്കാം | |
| | ഓവറോൾ ഗ്രേഡ് | |

1. താഴെ കൊടുത്തിട്ടുള്ള ആറ് പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരമെഴുതണം. രണ്ടുമുതൽ ആറുവരെ പ്രവർത്തനങ്ങളിൽ നാല് പ്രവർത്തനങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി.
2. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുമ്പ് പതിനഞ്ചു മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
3. ഉത്തരമെഴുതാൻ കൂടുതൽ സ്ഥലം ആവശ്യമെങ്കിൽ അധികം കടലാസ് ഉപയോഗിക്കാം.

### പ്രവർത്തനം 1. വായിക്കാം എഴുതാം

കുഞ്ഞിച്ചെക്കന് അമ്മ തൊപ്പി വാങ്ങിക്കൊടുത്തു. ഒരു നീലത്തൊപ്പി. കുഞ്ഞിച്ചെക്കനാണെങ്കിലോ, ആ തൊപ്പി തലയിൽനിന്ന് മാറ്റില്ല. നീലത്തൊപ്പിയും തലയിൽവച്ച് കുഞ്ഞിച്ചെക്കന്റെ ഒരു നടത്തമുണ്ട്.

' ദാ, എന്റെ തൊപ്പി കണ്ടോ' എന്ന ഭാവത്തിൽ.

" ക്രോം ക്രോം.... ആ തൊപ്പി ഒന്നുതരുമോ?"

വരമ്പിന്റെ മുകളിലിരുന്ന് തവള ചോദിച്ചു.

"അയ്യയ്യോ! വെള്ളം നനഞ്ഞാൽ എന്റെ തൊപ്പിക്ക് തണുക്കും" കുഞ്ഞിച്ചെക്കൻ ഒരോട്ടം വച്ചുകൊടുത്തു.

"ഛിൽ... ഛിൽ... ആ തൊപ്പി ഒന്നു തരുമോ? തൊപ്പിയുംവച്ച് ഒരു സെൽഫിയെടുക്കാനാ" ഓലത്തലപ്പത്ത് മൊബൈലും പിടിച്ചിരിക്കുന്ന കുഞ്ഞനണ്ണാൻ ചോദിച്ചു.

"അയ്യയ്യോ! അത്രേം ഉയരത്തിൽ കേറണ്ടേ?

എന്റെ തൊപ്പി പേടിക്കും"

കുഞ്ഞിച്ചെക്കൻ ഒരോട്ടം വച്ചുകൊടുത്തു.

കഥ വായിച്ചല്ലോ. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതൂ.

(എ) അമ്മ കുഞ്ഞിച്ചെക്കന് എന്താണ് വാങ്ങിക്കൊടുത്തത് ?

(ബി) ആരൊക്കെയാണ് കുഞ്ഞിച്ചെക്കനോട് തൊപ്പി ആവശ്യപ്പെട്ടത് ?

(സി) കഥ വായിച്ചതിൽനിന്ന് കുഞ്ഞിച്ചെക്കന് തൊപ്പി ഏറെ പ്രിയപ്പെട്ടതാണെന്ന് നിങ്ങൾക്ക് എങ്ങനെ മനസ്സിലായി?

(ഡി) മാതൃക പോലെ മാറ്റിയെഴുതുക.

വാങ്ങിക്കൊടുത്തു - വാങ്ങി + കൊടുത്തു

നീലത്തൊപ്പി -

(ഇ) കഥയ്ക്ക് യോജിച്ച ഒരു പേരു നൽകുക.

പ്രവർത്തനം 2. വരികൾ കൂട്ടിച്ചേർക്കാം

ഇഷ്ടപ്പെട്ട രണ്ട് പക്ഷികളെക്കുറിച്ച് വരികൾ കൂട്ടിച്ചേർക്കൂ.

മഞ്ഞക്കിളിയുടെ മഞ്ഞച്ചേല
കൊന്നപ്പൂവിൻ സമ്മാനം
തത്തപ്പെണ്ണിൻ പച്ചപ്പട്ട്
ഇലകൾ നൽകിയ സമ്മാനം




......................................................................................................

......................................................................................................




......................................................................................................

......................................................................................................




......................................................................................................

......................................................................................................




......................................................................................................

......................................................................................................

## പ്രവർത്തനം 3. സംഭാഷണമെഴുതാം

കുഞ്ഞനണ്ണാൻ കൂടിനു പുറത്തിറങ്ങി. ഹായ്! മാനം നിറയെ നക്ഷത്രങ്ങൾ. കുറച്ചു നക്ഷത്രങ്ങളെ കിട്ടിയിരുന്നെങ്കിൽ.....
അതാ ഒരു വള്ളിച്ചെടി മാനംമുട്ടെ വളർന്നുനിൽക്കുന്നു. കുഞ്ഞനണ്ണാൻ അതിൽ ഓടിക്കയറി, ആകാശത്തിനടുത്തെത്തി.



നക്ഷത്രം : ഹായ്, അണ്ണാൻകുഞ്ഞ്! നീയെങ്ങനെ ഇവിടെയെത്തി?

അണ്ണാൻകുഞ്ഞ് : ..............................................................................

നക്ഷത്രം ..............................................................................

അണ്ണാൻകുഞ്ഞ് : ..............................................................................

നക്ഷത്രം ..............................................................................

അണ്ണാൻകുഞ്ഞ് : ..............................................................................

നക്ഷത്രം :..............................................................................

അണ്ണാൻകുഞ്ഞ് : ..............................................................................

**പ്രവർത്തനം 5. കത്തെഴുതാം**

നിങ്ങളുടെ സ്കൂളിന്റെ വാർഷികാഘോഷത്തിൽ പങ്കെടുക്കാൻ പഞ്ചായത്ത് പ്രസിഡന്റിനെ ക്ഷണിച്ചുകൊണ്ട് ഒരു കത്ത് തയാറാക്കൂ.



**പ്രവർത്തനം 6. കുറിപ്പ് തയാറാക്കാം**

(എ) തന്നിരിക്കുന്ന സൂചനകളും കൂടുതൽ വിവരങ്ങളും ഉൾപ്പെടുത്തി ശ്രീനാരായണഗുരുവിനെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.

